ഇമേജിംഗ് സഹായത്തോടെയുള്ള ആൻജിയോപ്ലാസ്റ്റി ചികിത്സ വ്യാപകമാക്കണമെന്ന് വിദഗ്ധർ

കോഴിക്കോട്: ഹൃദയധമനികളുടെ ഉൾഭാഗം സൂക്ഷ്മമായി പരിശോധിച്ച് കൂടുതൽ കൃത്യതയോടെ ആൻജിയോപ്ലാസ്റ്റി നടത്താൻ സഹായിക്കുന്ന നൂതന ഇമേജിംഗ് സാങ്കേതികവിദ്യകൾ വ്യാപകമാക്കണമെന്ന് ഹൃദ്രോഗ വിദഗ്ധർ.

കോഴിക്കോട് നടന്ന സൊസൈറ്റി ഫോർ കൊറോണറി ഇമേജിംഗ് ആൻഡ് ഫിസിയോളജിയുടെ പത്താമത് ദേശീയ സമ്മേളനത്തിലാണ് ഈ നിർദേശമുയർന്നത്.

പ്രസിഡന്റ് ഡോ. ധിമൻ കഹാലി ഉദ്ഘാടനം ചെയ്തു. ഹൃദയധമനികളിലെ തടസം നീക്കി രക്തയോട്ടം പുനസ്ഥാപിക്കുന്നതിൽ മാത്രം ആൻജിയോപ്ലാസ്റ്റി ഒതുങ്ങുന്നില്ല. ചികിത്സാഫലം ദീർഘകാലം നിലനിർത്തുകയും ഭാവിയിലെ ഹൃദയസങ്കീർണതകൾ കുറയ്ക്കുകയും ചെയ്യുന്നതാണ് നൂതന ചികിത്സയുടെ ലക്ഷ്യം. ധമനികളുടെ ഉൾഭാഗം വിശദമായി പരിശോധിച്ച് സ്റ്റെന്റ് കൃത്യമായി സ്ഥാപിക്കുന്നതിലൂടെ ചികിത്സ കൂടുതൽ ഫലപ്രദമാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

എസ് സിഐപി ഇന്ത്യ പ്രസിഡന്റ് ഡോ. മഹേഷ് നളിൻ കുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. ലൂയി ഫിഷർ, ഓർഗൈനൈസിംഗ്

ചെയർമാൻ ഡോ. അലി ഫൈസൽ, ഓർഗൈനൈസിംഗ് സെക്രട്ടറി ഡോ. പി.കെ. അശോകൻ, കോ-ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അരുൺ ഗോപി, ജോയിന്റ് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പി.വി. ഗിരീഷ്, കോ-ഓർഡിനേറ്റർ ഡോ. മാത്യൂസ് പോൾ, ഡോ. അലി ഫൈസൽ, ഡോ. പി.കെ. അശോകൻ എന്നിവർ പ്രസംഗിച്ചു. കാൽസ്യം അടിഞ്ഞുകൂടി കഠിനമായ ഹൃദയധമനികളിലെ തടസ്സങ്ങൾ ചികിത്സിക്കുന്നതിലെ പുതിയ മുന്നേറ്റങ്ങളും സമ്മേളനത്തിൽ ചർച്ചയായി.

ഇത്തരം ധമനികളിൽ സ്റ്റെന്റ് പൂർണമായി വികസിക്കാത്തത് ചികിത്സയ്ക്ക് വെല്ലുവിളിയാണ്. സമ്മർദതരംഗങ്ങൾ ഉപയോഗിച്ച് കാൽസ്യം നിക്ഷേപങ്ങളിൽ വിള്ളലുണ്ടാക്കി സ്റ്റെന്റ് ശരിയായി വികസിക്കാൻ സഹായിക്കുന്ന ഇൻട്രാവാസ്കുലർ ലിത്തോട്രിപ്സി ഉൾപ്പെടെയുള്ള നൂതന രീതികൾ വിദഗ്ധർ അവതരിപ്പിച്ചു.

വയോധികയെ കബളിപ്പിച്ച് കമ്മൽ തട്ടിയെടുത്തു

മുക്കം: മകന്റെ സുഹൃത്താണെന്ന് പരിചയപ്പെടുത്തി വയോധികയുമായി അടുപ്പം സ്ഥാപിച്ച ശേഷം ധനസഹായ പദ്ധതിയുടെ പേരിൽ വിശ്വസിപ്പിച്ച് മുക്കാൽ പവന്റെ സ്വർണക്കമ്മൽ തട്ടിയെടുത്തു.

മുക്കം ബസ് സ്റ്റാൻഡിൽ പട്ടാപ്പകലാണ് നാടകീയമായ തട്ടിപ്പ് അരങ്ങേറിയത്. സംഭവത്തിൽ മുക്കം പൊലിസ് അന്വേഷണം ഊർജിതമാക്കി. കാരശേരി കറുത്തപറമ്പ് വലിയപറമ്പിൽ ഫാത്തിമ (62) ആണ് തട്ടിപ്പിനിരയായത്. രണ്ട് ദിവസം മുമ്പ് താമരശേരി ഭാഗത്തുനിന്ന് ബസിറങ്ങി മുക്കം ബസ് സ്റ്റാൻഡിലെത്തിയപ്പോഴായിരുന്നു സംഭവം. മാന്യമായ വേഷത്തിലെത്തിയ ഒരാൾ ഫാത്തിമയെ 'ഉമ്മാ' എന്ന് വിളിച്ച് സമീപിക്കുകയായിരുന്നു. തന്നെ മനസിലായോ എന്ന് ചോദിച്ച് സംസാരിച്ച ഇയാൾ, മകന്റെ സുഹൃത്താണെന്നും കുടുംബത്തെക്കുറിച്ച് നന്നായി അറിയാമെന്നും പറഞ്ഞ് വിശ്വാസം നേടിയെടുത്തു.

പരിചയക്കാരനാണെന്ന് കരുതി ഫാത്തിമയും ഇയാളോട് സംസാരിക്കാൻ തുടങ്ങി. തുടർന്ന് പാവപ്പെട്ടവർക്ക് അഞ്ചു മുതൽ പത്തുലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്ന പദ്ധതിയുണ്ടെന്നും താൻ അതിന്റെ ഏജന്റാണെന്നും ഇയാൾ അറിയിച്ചു. മുൻകൂറായി പണം നൽകേണ്ടതില്ലെന്നും നടപടിക്രമങ്ങൾക്കായി 20,800 രൂപ ആവശ്യമാണെന്നും പറഞ്ഞ് വയോധികയെ വിശ്വസിപ്പിച്ചു. ഇതിനിടെ മകനോട് സംസാരിക്കാമെന്ന് പറഞ്ഞ് ഫാത്തിമയുടെ മൊബൈൽ ഫോൺ ഇയാൾ വാങ്ങി.

മകനുമായി സംസാരിക്കുന്നതുപോലെ അഭിനയിച്ച ശേഷം ഫോണിന്റെ സിം കാർഡ് ഊരിമാറ്റി തകരാറിലാക്കിയെന്നാണ് പരാതി. തുടർന്ന് മകൻ ആവശ്യപ്പെട്ടിട്ടാണ് പണത്തിന് പകരം കൈവശമുള്ള സ്വർണം നൽകാൻ പറഞ്ഞതെന്നും ഇയാൾ ഫാത്തിമയെ വിശ്വസിപ്പിച്ചു. ഇത് വിശ്വസിച്ച വയോധിക ബസ് സ്റ്റാൻഡിൽവച്ചുതന്നെ ധരിച്ചിരുന്ന മുക്കാൽ പവന്റെ സ്വർണക്കമ്മൽ ഊരി ഇയാൾക്ക് കൈമാറി. പിറ്റേന്ന് ഫോണിൽ വിളിക്കാമെന്ന് പറഞ്ഞ് ഇയാൾ അവിടെനിന്ന് കടന്നുകളയുകയായിരുന്നു. വീട്ടിലെത്തിയ ഫാത്തിമയോട് മക്കൾ കമ്മലിനെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് തട്ടിപ്പിനിരയായ വിവരം പുറത്തറിയുന്നത്. തുടർന്ന് മുക്കം പൊലിസിൽ പരാതി നൽകി. മുൻപ് സമാന രീതിയിൽ തട്ടിപ്പ് നടത്തിയവരെ കേന്ദ്രീകരിച്ചും പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചും പൊലിസ് അന്വേഷണം പുരോഗമിക്കുകയാണ്.

സൈബർ തട്ടിപ്പ്

മുൻ പ്രവാസി ബിസിനസുകാരന് ഒന്നരക്കോടി രൂപ നഷ്ടം

വടകര: സൈബർ തട്ടിപ്പിലൂടെ മുൻ പ്രവാസി ബിസിനസുകാരന് ഒന്നരക്കോടിയോളം രൂപ നഷ്ടം. പേരാമ്പ്ര സ്വദേശിക്കാണ് 1,41,08,585 രൂപ നഷ്ടമായത്. 2025 ജൂണിലാണ് തട്ടിപ്പിന്റെ തുടക്കം.

ഫേസ് ബുക്കിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ വ്യാജ വീഡിയോ കണ്ട് 200 ഡോളർ (20094 രൂപ) തട്ടിപ്പുകാർ നൽകിയ ലിങ്കിലൂടെ അയച്ചു നൽകുകയായിരുന്നു. പിന്നീട് തട്ടിപ്പുകാർ കാപ്പ് പ്ലേസ് എന്ന വ്യാജ ട്രേഡിംഗ് പ്ലാറ്റ്ഫോമിലേക്ക് പരാതിക്കാരനെ ലോഗിൻ ചെയ്യിക്കുകയും ഷെയർ മാർക്കറ്റിലേക്ക് പണം നിക്ഷേപിപ്പിക്കുകയും ചെയ്തു. തുടക്കത്തിൽ ഏഴ് ലക്ഷം വരെ ലാഭം നൽകുകയും പണം പിൻവലിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു.

വിശ്വാസം പിടിച്ചുപറ്റിയ ശേഷം കൂടുതൽ പണം നിക്ഷേപിപ്പിക്കാൻ നിർദേശിച്ചു. പിന്നീട് പണം പിൻവലിക്കാൻ ശ്രമിച്ചപ്പോൾ പോർട്ട്ഫോളിയോ നഷ്ടത്തിലാണെന്നും ലാഭത്തിൽ ആയാൽ മാത്രമേ പണം പിൻവലിക്കാൻ കഴിയൂ എന്നും പറഞ്ഞു.

പോർട്ട്ഫോളിയോ ലാഭത്തിൽ ആക്കാൻ തട്ടിപ്പുകാർ കുറച്ചുപണം ഇൻവെസ്റ്റ് ചെയ്യണമെന്ന് പറയുകയും വീണ്ടും നല്ലൊരു തുക പരാതിക്കാരനെകൊണ്ട് നിക്ഷേപിപ്പിക്കുകയുമായിരുന്നു. പോർട്ട്ഫോളിയോ ലാഭത്തിൽ ആയി പണം പിൻവലിക്കാൻ ശ്രമിച്ചപ്പോഴാണ് തട്ടിപ്പ് മനസിലായത്. സംഭവത്തിൽ സൈബർ ക്രൈം പൊലിസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

കണ്ണൂരിനെ തുരത്തി കാലിക്കട്ട്

കോഴിക്കോട്: നിലവിലെ ചാമ്പ്യൻമാരായ കണ്ണൂർ എഫ്സിയെ മറുപടിയില്ലാത്ത അഞ്ച് ഗോളിൻ തകർത്ത് സൂപ്പർ ലീഗ് കേരളയിൽ കാലിക്കട്ട് എഫ്സിയുടെ കുതിപ്പ്.

അർജന്റീനക്കാരൻ മാക്സിമിലിയാനോ ഉറുട്ടിയുടെ ഹാട്രിക്കിലായിരുന്നു കൂറ്റൻ ജയം. ലിയോ ഡേവിഡും ക്യാപ്റ്റൻ കെ. പ്രശാന്തും മറ്റ് ഗോളുകൾ നേടി. ഇതോടെ പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന ടീമിന് ലഭിക്കുന്ന ഷീൽഡ് കാലിക്കട്ട് ഉറപ്പിച്ചു.

പ്രതിരോധക്കാരൻ മനോജ് കണ്ണൻ പതിനെട്ടാം മിനിറ്റിൽ ചുവപ്പു കാർഡ് കണ്ട തിനെ തുടർന്ന് പത്ത് പേരുമായാണ് കണ്ണൂർ മത്സരം പൂർത്തിയാക്കിയത്. ആദ്യപാദത്തിൽ കാലിക്കട്ട് ഒരു ഗോൾ ജയം നേടിയിരുന്നു. എട്ട് കളിയിൽ നിന്ന് 20 പോയിന്റാണ് കാലിക്കട്ടിനുള്ളത്. കാലിക്കട്ടിന്റെ തുടർച്ചയായ മൂന്നാം ജയമാണിത്.

എംഎസ്എം സംസ്ഥാന സമ്മേളനം സമാപിച്ചു

കോഴിക്കോട്: മതനിരാസ ലിബറൽ ആശയങ്ങൾ വിദ്യാർഥി യുവജനങ്ങളിൽ കുത്തിവച്ച് അവരെ അരാജകത്വത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാനുള്ള ശ്രമങ്ങൾക്കെതിരേ മുസ്‌ലിം സമുഹം ജാഗ്രത പാലിക്കണമെന്ന് എംഎസ്എം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു.

സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. കെഎൻഎം സംസ്ഥാന പ്രസിഡന്റ് ടി.പി. അബ്ദുല്ലക്കോയ മദനി അധ്യക്ഷത വഹിച്ചു. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, ഓൾ ഇന്ത്യ അഹ്ലെ ഹദീസ് പ്രസിഡന്റ് അസ്ഗലി ഇമാം മഹ്ദി അസ്സലഫി എന്നിവർ അതിഥികളായിരുന്നു. പി.പി. ഉണ്ണീൻകുട്ടി മൗലവി, പി.എം.എ. സലാം, എംഎൽഎമാരായ കെ. പ്രവീൺകുമാർ, കെ.പി. നൗഷാദലി, അഡ്വ. ഫൈസൽ ബാബു, കെജെയു പ്രസിഡന്റ് പി.പി. മുഹമ്മദ് മദനി, ഹനീഫ് കായക്കൊടി, നൂർ മുഹമ്മദ് നൂർഷ, ഡോ. ഹുസൈൻ മടവൂർ, അഷ്റഫ് ഒമാൻ, ഡോ. ഷഫീഖ് ഹസൻ, ഡോ. മഹ്സൂം അഹ്മദ്, അൻസാർ നന്മണ്ട എന്നിവർ സംസാരിച്ചു.

എൻഡോവ്മെന്റ് പ്രഭാഷണം

തേഞ്ഞിപ്പലം: കാലിക്കട്ട് സർവകലാശാല മലയാള - കേരളപഠന വിഭാഗം 17ന് സുകുമാർ അഴീക്കോട് എൻഡോവ്മെന്റ് പ്രഭാഷണം സംഘടിപ്പിക്കുന്നു. രാവിലെ പത്തിന് ഹിന്ദി വിഭാഗം സെമിനാർ ഹാളിൽ നടക്കുന്ന പരിപാടിയിൽ പ്രമുഖ എഴുത്തുകാരനും ചിന്തകനുമായ പ്രഫ. ഡോ. ശരൺകുമാർ ലിംബാളെ മുഖ്യ പ്രഭാഷണം നടത്തും. പഠനവിഭാഗം മേധാവി പ്രഫ. ഡോ. എം.ബി. മനോജ് അധ്യക്ഷത വഹിക്കും. ഹിന്ദി വിഭാഗം മേധാവി പ്രഫ. ഡോ. പ്രമോദ് കൊവ്വപ്രത്ത്, ഡോ. ടി. അപർണ, ഡോ. എം.പി. മഞ്ജു തുടങ്ങിയവർ പങ്കെടുക്കും.

വീട്ടമ്മയെ അധിക്ഷേപിക്കുകയും വീട് അടിച്ചുതകർക്കുകയും ചെയ്ത സഹോദരങ്ങൾ അറസ്റ്റിൽ

മുക്കം: കാരശേരി മുരിങ്ങംപുറായിയിൽ വീട്ടമ്മയോട് ലൈംഗികച്ചുവയോടെ സംസാരിച്ച് അധിക്ഷേപിക്കുകയും വീടും കാറും അടിച്ചുതകർക്കുകയും ചെയ്ത സംഭവത്തിൽ സഹോദരന്മാരായ രണ്ട് പേരെ മുക്കം പൊലിസ് അറസ്റ്റ് ചെയ്തു.

കാസർകോട് ചിറ്റാരിക്കൽ പാലവയൽ സ്വദേശികളായ മുണ്ടക്കൽ ജിബിൻ ബാബു (31), എബിൻ ബാബു (25) എന്നിവരെയാണ് മുക്കം പൊലിസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ബുധനാഴ്ച രാത്രി പട്ടർച്ചോല പള്ളിക്കുന്നുമ്മലിലാണ് കേസിനാസ്പദമായ സംഭവം. നേരത്തേ ഈ വീടിന് സമീപം വാടകയ്ക്ക് താമസിച്ചിരുന്ന പ്രതികളുടെ മദ്യപാനശല്യത്തെത്തുടർന്ന് പ്രദേശവാസികൾ പരാതി നൽകുകയും തുടർന്ന് ഇവരെ വാടകവീട്ടിൽ നിന്നും ഒഴിപ്പിക്കുകയും ചെയ്തിരുന്നു. ഇതിലുള്ള വിരോധമാണ് അക്രമത്തിന് പിന്നിലെന്ന് പൊലിസ് പറഞ്ഞു. രാത്രിയോടെ വീട്ടിലെത്തിയ പ്രതികൾ വീട്ടമ്മയോട് ലൈംഗികച്ചുവയോടെ സംസാരിക്കുകയും അസഭ്യവർഷം നടത്തുകയും ചെയ്തു. തുടർന്ന് വീടിന്റെ മുൻവശത്ത് നിർത്തിയിട്ടിരുന്ന കാറും വീടിന്റെ





പ്രതികളായ ജിബിൻ ബാബു, എബിൻ ബാബു എന്നിവർ

ജനലുകളും അടിച്ചുതകർത്ത് നാശനഷ്ടങ്ങൾ വരുത്തുകയായിരുന്നു. വീട്ടുടമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർ ഷക്കീബിന്റെ നേതൃത്വത്തിലുള്ള പൊലിസ് സംഘമാണ് പ്രതികളെ പിടികൂടിയത്. നിലവിൽ ഇവർ താമസിക്കുന്ന കാഞ്ഞിരമുഴിയിലെ വാടകവീട്ടിൽ നിന്നാണ് പ്രതികളെ കസ്റ്റഡിയിലെടുത്തത്. 2024-ലും സമാനമായ കേസിൽ ഇവർക്കെതിരേ തിരുവമ്പാടി പൊലിസ് സ്റ്റേഷനിൽ കേസ് നിലവിലുണ്ട്. ഞായറാഴ്ച ഉച്ചയോടെ പ്രതികളെ സംഭവസ്ഥലത്തെത്തിച്ച് പൊലിസ് തെളിവെടുപ്പ് പൂർത്തിയാക്കി. തുടർന്ന് താമരശേരി രണ്ടാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

മന്ത്രി കെ.എ. തുളസി ഇന്ന് വയനാട്ടിൽ

കൽപ്പറ്റ: പട്ടികജാതി-വർഗ വികസന വകുപ്പിന്റെ പദ്ധതികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഉപപദ്ധതികളുടെയും പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് ഇന്ന് രാവിലെ 10.30ന് വയനാട് കളക്ടറേറ്റ് ആസൂത്രണ ഭവൻ എപിജെ ഹാളിൽ വകുപ്പ് മന്ത്രി കെ. എ. തുളസിയുടെ അധ്യക്ഷതയിൽ ജില്ലാതല യോഗം ചേരും.

കൃഷി മന്ത്രി ടി. സിദ്ദിഖ്, എംഎൽഎമാരായ ഐ.സി. ബാലകൃഷ്ണൻ, ഉഷ വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, ജില്ലാ കളക്ടർ വി. ചെൽസാസിനി, ജില്ലാതല ഉദ്യോഗസ്ഥർ, പട്ടികജാതി-വർഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

സഹോദയ കലോത്സവം: സിൽവർഹിൽസ് പബ്ലിക് സ്കൂളിന് അഭിനന്ദന പ്രവാഹം

കോഴിക്കോട്: സംസ്ഥാന സിബിഎസ്ഇ സഹോദയ കലോത്സവ കിരീടം നിലനിർത്തിയ സിൽവർ ഹിൽസ് പബ്ലിക് സ്കൂളിനെ സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യാൽ ഫാ. ഡോ. ബിജു ജോൺ വെള്ളക്കട സിഎംഐ അഭിനന്ദനമറിയിച്ചു.

പ്രൊവിൻഷ്യൽ, സ്കൂൾ മാനേജർ ഫാ. അഗസ്റ്റിൻ കെ. മാത്യു സിഎംഐ, പ്രിൻസിപൽ ഫാ. മാത്യു കളപുരയ്ക്കൽ സിഎംഐ എന്നിവരെ പ്രൊവിൻസ് പ്രൊവിൻഷ്യാൽ അഭിനന്ദിക്കുകയും ചെയ്തു. പ്രിൻസിപൽ ഫാ. മാത്യു കളപ്പുരയ്ക്കലിന്റെ നേതൃമികവിന്റെ വിജയമാണിതെന്ന് മാനേജർ ഫാ. അഗസ്റ്റിൻ കെ. മാത്യു സിഎംഐ ചൂണ്ടിക്കാട്ടി. വിദ്യാർഥികൾ, അധ്യാപകർ, അനധ്യാപക ജീവനക്കാർ, കലാപരിശീലകർ, രക്ഷിതാക്കൾ, നാസ്നി വിലയങ്ങിലിന്റെ നേതൃത്വത്തിലുള്ള സഹോദയ കമ്മിറ്റി എന്നിവരുടെ പങ്കും അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്കൂൾ പിടിഎ പ്രസിഡന്റി എം. സുരേഷ് കുമാറും വിജയികളെ അനുമോദിച്ചു. വ്യക്തിഗത ഇനങ്ങളിലും സിൽവർ ഹിൽസിന്റെ കലാപ്രതിഭകൾ മികച്ച പ്രകടനം കാഴ്ചവച്ചു. നൃത്ത വേദിയിൽ കാറ്റഗറി-3 കുച്ചിപ്പുഡിയിൽ മയൂഖ, ഭരതനാട്യത്തിൽ അദ്വൈത അജയ് (കാറ്റഗറി-3), സംവേദിത സുനിൽ (കാറ്റഗറി-2) എന്നിവർ ജേതാക്കളായി. സംഗീത വിഭാഗത്തിൽ കാറ്റഗറി-3 ആൺകുട്ടികളുടെ മാപ്പിളപ്പാട്ടിൽ നിവേദ് കൃഷ്ണ ഒന്നാമതെത്തി. ഇതേ കാറ്റഗറിയിൽ അറബി ഗാനത്തിൽ ഒന്നാം സ്ഥാനവും പെൺകുട്ടികളുടെ മാപ്പിളപ്പാട്ടിൽ രണ്ടാം സ്ഥാനവും നേടി ലനിക റിയാസ് ഇരട്ടത്തിളക്കം സ്വന്തമാക്കി. സീനിയർ വിഭാഗം മാപ്പിളപ്പാട്ടിൽ യാദവ് ശ്രീകാന്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഇംഗ്ലിഷ് പദ്യപാരായണത്തിൽ കീർത്തന സാജുവും ഹിന്ദി പദ്യപാരായണത്തിൽ ജെനീലിയ ജിജീഷും ഹിന്ദി എക്സ്റ്റംപോറിൽ അദ്വിക്കും ഒന്നാം സ്ഥാനം നേടി.

സംസ്കൃത പദ്യപാരായണത്തിൽ വൈശാഖും ഇംഗ്ലിഷ് എലോക്യൂഷനിൽ പത്മിനി രഘുറാമും രണ്ടാം സ്ഥാനം നേടിയപ്പോൾ ഇംഗ്ലിഷ് എക്സ്റ്റംപോറിൽ അനന്യ രാംകുമാർ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

ദീപിക ക്ലാസിഫൈഡ്സ്

kotak Kotak Mahindra Bank

കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ് 27, ബി. കെ. സി, സി – 27, ജി ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400051
ഖ ഓഫീസ് എസ്എംഎസ് പ്ലാസ, വീക്ഷണം റോഡ്, എറണാകുളം, കേരള – 682035
കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ – L65110MH1985PLC038137, www.kotak.com

സ്ഥാവര വസ്തുക്കളുടെ ഇ – ലേലം കം വിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപനയ്ക്കുള്ള ഇ – ലേല വിൽപന അറിയിപ്പ്. 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമങ്ങളുടെ റൂൾ 8 (6) & 9(1) പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം.

പൊതുജനങ്ങൾക്ക് ഇതിനാൽ പൊതുവെയും പ്രത്യേകിച്ച് വായ്പ എടുത്തയാൾ (കൾ)ക്കും കൂടാതെ/അല്ലെങ്കിൽ പണയക്കാർ (കൾ) എന്നിവർക്ക് അറിയിപ്പ് നൽകുന്നു. താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തു (കൾ) കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിൽ ('സെക്യൂർഡ് ക്രെഡിറ്റർ') പണയം വച്ചിരിക്കുന്നു/ചാർജ് ചെയ്തിരിക്കുന്നു. അതിന്റെ ഭൗതിക കൈവശം സെക്യൂർഡ് ക്രെഡിറ്ററുടെ അംഗീകൃത ഉദ്യോഗസ്ഥൻ താഴെയുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതായി വ്യവസ്ഥകൾ പ്രകാരം ലേല വസ്തുവുമായി ഇടപാടുകൾ നടത്തുന്നതിനും ഈ വസ്തു "എവിടെയോണോ അവിടെ", "എന്തൊണോ അങ്ങനെ", "എന്തെല്ലാമാണോ അത്" നീക്കോ ബോസ് ഇല്ല' എന്നീ ഇ – ലേലത്തിൽ താഴെ പറയുന്ന തുക കോമ്പണ് പലിശയുടെ അടിസ്ഥാനത്തിൽ കരാർ നിക്കിൽ കൂടുതൽ പലിശയും മറ്റ് ചാർജ്ജുകളും സഹിതം വീണ്ടെടുക്കുന്നതിനായി 10-12-2026 ന് നടക്കും. സെക്യൂർഡ് ക്രെഡിറ്ററായ കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് നൽകേണ്ട പണമടയ്ക്കൽ/വായ്പ ലഭിക്കുന്നതുവരെ വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരായ M/s. കേരള ഫാഷൻ ജൂവലറി, പണയക്കാർ/ജാമ്യക്കാരായ ശ്രീ. ഒ.കെ. റോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ജോജു - ശ്രീമതി ഷീജ റോയ്, ശ്രീമതി സിൻഡ്രില ജോജു, ശ്രീമതി മിനി ബിജു, പദേതരായ ശ്രീമതി കൊച്ചുത്രേസ്യയുടെ നിയമപരമായ അവകാശികളായ ശ്രീ. ഒ.കെ. റോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു, ശ്രീമതി റോസ്മോൾ ജോൺസൺ എന്നിവരിൽ നിന്നാണ് തുക ഈടാക്കുക.

ലേലത്തിന് വച്ചിരിക്കുന്ന സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ/വിവരണം, കരുതൽ വില, ആദായ നികുതി, കുടിശ്ശികകൾ, 13(2) നോട്ടീസിന്റെ വിശദാംശങ്ങൾ, ഭൗതികമായി കൈവശം എടുത്ത തീയതി, ലേല ഷെഡ്യൂൾ എന്നിവ ചുവടെ പരാമർശിച്ചിരിക്കുന്നു.

ലോട്ട്	വായ്പക്കാരുടെ പേര്	ഇ – ലേലത്തിനുള്ള സ്ഥാവര വസ്തുവിന്റെ വിവരണം	കൈവശപ്പെടുത്തിയ തീയതി	കരുതൽ തുക	13(2) നോട്ടീസ് തീയതിയും നിലവിലുള്ള കുടിശ്ശികയും
1.	ശ്രീ. ഒ.കെ. റോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു	മലപ്പുറം ജില്ല, പെരിന്തൽമണ്ണ ഉപ ജില്ല, പെരിന്തൽമണ്ണ താലൂക്ക്, പെരിന്തൽമണ്ണ വില്ലേജിൽ പെരിന്തൽമണ്ണ ദേശം, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി പരിധിയിൽ സർവേ നം. 6/3B1B1B ൽ പ്പെട്ട 12.14 ആർ (30 സെന്റ്), സർവേ നം. 6/3B1B1B ൽ പ്പെട്ട 28.34 ആർ (70 സെന്റ്) ആകെ 100 സെന്റ് സ്ഥലവും സർവ്വവിധ അവകാശങ്ങളും. **ലാക്കേഷൻ മാപ് പ്രകാരം അതിരുകൾ: കിഴക്ക്:** ചമയം ബാബു വക വസ്തു; **പടിഞ്ഞാറ്:** രാമൻ വക ജലസംരഭരണി; **വടക്ക്:** റോഡ്; **തെക്ക്:** ബാക്കി വസ്തു.	10-03-2020 ഓൺലൈൻ ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി 09-12-2026 ന് വൈകുന്നേരം 04.00 വരെ ഇ – ലേലത്തിന്റെ തീയതിയും സമയവും 10-12-2026 ഉച്ചയ്ക്ക് 01.00 നും 02.00 നും മദ്ധ്യേ	രൂപ 4,15,00,000/- (നാല് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) നിരതദ്രവ്യം (ഇ. എം. ഡി.) രൂപ 41,50,000/- (നാൽപത്തി ഒന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)	01-11-2026 വരെ രൂപ 92,45,68,470.53 (തൊണ്ണൂറ്റി രണ്ട് കോടി നാൽപത്തിയഞ്ച് ലക്ഷത്തി അറുപത്തി എണ്ണായിരത്തി നാന്നൂറ്റി എഴുപത് രൂപ അൻപത്തി മൂന്ന് പൈസ) 13(2) നോട്ടീസ് തീയതി: 26-08-2016

താഴെ ഒപ്പിട്ട വ്യക്തിക്ക് തന്റെ പൂർണ്ണ വിവേചനാധികാരത്തിലും സാധ്യതയുള്ള വാങ്ങുന്നവരുടെ അഭ്യർത്ഥന പ്രകാരം 01-12-2026 ന് രാവിലെ 11:00 മണി മുതൽ ഉച്ചയ്ക്ക് 03:00 മണി വരെ തന്റെ അംഗീകൃത പ്രതിനിധി/എജന്റ് മുഖേന വസ്തുവകകൾ പരിശോധിക്കാൻ ക്രമീകരിക്കാവുന്നതാണ്.

പ്രധാന നിബന്ധനകളും വ്യവസ്ഥകളും 1) 10-12-2026 ന് ഉച്ചയ്ക്ക് 1.00 മണി മുതൽ 02.00 മണി വരെ https://www.bankeauctions.com/ എന്ന വെബ്സൈറ്റ് വഴി 'ഓൺലൈൻ ഇലക്ട്രോണിക് ബിഡ്ഡിംഗ്' വഴി മാത്രമേ ഇ – ലേലം നടത്തുകയുള്ളൂ. ഓരോന്നിനും 5 മിനിറ്റ് വൈർഡും പരിധിയില്ലാതെ നീട്ടി നൽകും. 2) ഇ – ലേലത്തെക്കുറിച്ചുള്ള വിശദാംശങ്ങൾക്ക് ഉദ്യോഗിക്കുന്ന ലേലക്കാർക്ക് M/s. C1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ശ്രീ. ധനഞ്ജ കുഷ്ണ – ഓപറേഷൻസ് ഹെഡ്, മൊബൈൽ: +91-9948182222, ഇ – മെയിൽ ഐഡി: andhra@c1india.com വഴി ബന്ധപ്പെടാം. 3) ഇ – ലേലത്തെക്കുറിച്ചുള്ള വിശദാംശങ്ങൾക്കും വിൽപന നിബന്ധനകൾക്കും ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റ് – https://www.kotak.com/en/bank-auctions.html സന്ദർശിക്കാവുന്നതാണ്. 4) ലേലവിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ലേലക്കാർ https://www.bankeauctions.com/ എന്ന പോർട്ടൽ സന്ദർശിക്കേണ്ടതാണ് നിർദ്ദേശിക്കുന്നു. കൂടാതെ പ്രസ്തുത നിബന്ധനകളും വ്യവസ്ഥകളും ബിഡ്ഡിംഗ് പ്രക്രിയയിൽ പങ്കെടുക്കുവാൻ ലേലക്കാർക്ക് ബാധകമായിരിക്കും. 5) ബിഡ്ഡും മറ്റ് ലേലകളും അപ്ലോഡ് ചെയ്യുന്നതിന് മുൻപ് താൽപര്യമുള്ള ബിഡ